ഉത്തരം

(എ & ബി) ഉണ്ട്. സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപവരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 30-3-2015-ലെ സ.ഉ.(അച്ചടി) നമ്പർ 24/2015/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള പദ്ധതിക്കും തീർപ്പാക്കുന്ന വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസിയായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടം എന്ന നിലയിൽ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II നിയമനം

219 (2429) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിലെ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II തസ്തികയിൽ നേരിട്ടുള്ള നിയമനം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് നേരിട്ടുള്ള നിയമനം ;ആയതിൻ പ്രകാരം ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എന്നാണ് അവസാനമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തത്;എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു ; വ്യക്തമാക്കുമോ ;

(ബി) എത്ര പേരെ നിയമനത്തിനായി പി.എസ്.സി. ശിപാർശ ചെയ്തു ; എന്നാണ് ശിപാർശ ലഭിച്ചത് ; എല്ലാപേർക്കും നിയമനം നൽകിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) സ്പെഷ്യൽ റൂളിൽ മാറ്റം വരുത്താൻ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 50% ആണ് നേരിട്ടുള്ള നിയമനം. ഉണ്ട്, 7-3-2014-ന് മുന്ന് എൻ.ജെ.ഡി. ഒഴിവുകളാണ് അവസാനമായി റിപ്പോർട്ട് ചെയ്തത്.

(ബി) 28 പേരെ. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 31-12-2012-ന് 14 പേരെയും 21-4-2014-ന് 3 പേരെയും കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ അഡ്വൈസ് ചെയ്യുകയും ഇവർക്ക് നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

16-6-2014-ന് പി.എസ്.സി. അഡ്വൈസ് ചെയ്ത 11 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടില്ല.

എന്നാൽ നിയമനം ലഭിക്കാതിരുന്ന 11 ഉദ്യോഗാർത്ഥികൾക്ക് ഉടനെ നിയമനം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിന് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ആയതിനുള്ള നടപടിക്രമങ്ങൾ പ്രകാരം കരട് ഭേദഗതി ചട്ടങ്ങൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ചട്ടപ്രകാരം മേൽ പരിശോധനകൾ നടത്തി തീരുമാനമെടുക്കുന്നതാണ്.

പയ്യന്നൂരിലെ വിനോദസഞ്ചാര പ്രോജക്ട്

220 (2430) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രൊജക്ടുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല

ചെറായി ബീച്ചിലെ ടൂറിസ്റ്റ് അസിസ്റ്റന്റ്സ് സെന്റർ

221 (T2431) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly